## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4176 | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഹരിതകേരളം മിഷൻ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ടി.വി.ഇബ്രാഹിം | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഹരിത കേരളം മിഷന്റെ ഭാഗമായി കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | ഹരിത കേരളം മിഷന്റെ ഭാഗമായി കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രോജക്ടുകളുടെ വിശദവിവരം അനുബന്ധം -1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ഇത്തരം പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | (ബി) | ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗ നിർദ്ദേശങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥൻമാർക്കും മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രോജക്റ്റ് രൂപീകരണം സംബന്ധിച്ചും ശില്പശാലയും പരിശീലനവും നൽകിയിട്ടുണ്ട്. |
| (സി) | കുടുംബശ്രീ മിഷന്റെ പങ്കാളിത്തം ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളിൽ ഏതെല്ലാം രീതിയിലാണ് ഉപയോഗിക്കുന്നത്; വിശദമാക്കാമോ? | (സി) | ഹരിത കേരളം മിഷന്റെ ഹരിത കർമ്മസേന രൂപീകരണത്തിൽ പ്രഥമപരിഗണന കുടുംബശ്രീ മിഷനാണ്. യൂസർഫീയുടെ അടിസ്ഥാനത്തിൽ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥാപിച്ചിട്ടുള്ള എം.സി.എഫിൽ എത്തിക്കുന്നു. അവിടെനിന്നും രണ്ടാംതരംതിരിവിന് ശേഷം ഷ്രെഡ്ഡിംഗിനും, പുന:ചംക്രമണത്തിനുമായി ക്ലീൻ കേരള കമ്പനി മുഖേന സുരക്ഷിത തലങ്ങളിലേക്ക് കൈമാറുന്നു. വീടുകളിലും സ്ഥാപനങ്ങളിലും അജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുകയും പ്രസ്തുത ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ പരിപാലനം, അറ്റകുറ്റപ്പണി, ഹരിത കർമ്മസേന നിർവ്വഹിക്കുകയും ചെയ്യുന്നു. പൊതുമാലിന്യ സംസ്കരണ ഉപാധികളുടെ നടത്തിപ്പ്, ജൈവപരിപാലനം, എക്കോകിയോസ്കുകൾ നടത്തിപ്പ് തുടങ്ങിയ മേഖലയിലും കുടുംബശ്രീ മിഷൻ പങ്കാളികളായി വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം-1

**ഹരിത കേരളം മിഷന്റെ ഭാഗമായി കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

**ചീക്കോട് ഗ്രാമ പഞ്ചായത്ത്**

- പോർട്ടബിൾ ബയോബിൻ വിതരണം
- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻറർ നിർമ്മാണം
- സ്കൂളുകളിൽ ഖര മാലിന്യ സംസ്കരണ സംവിധാനം
- ഗവൺമെൻറ് സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം

**ചെറുകാവ് ഗ്രാമ പഞ്ചായത്ത്**

- പ്രൈമറി ഹെൽത്ത് സെൻററിൽ കമ്മ്യൂണിറ്റി ടോയ് ലറ്റ് നിർമ്മാണം
- കൃഷിഭവൻ വെറ്റിനറി ഡിസ്പെൻസറി കോമ്പൗണ്ടിൽ പബ്ലിക്ക് ടോയ് ലറ്റ് നിർമ്മാണം
- ബഡ്സ് സ്കൂൾ കോമ്പൗണ്ടിൽ പൊതുശുചിമുറി നിർമ്മാണം
- അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിന് കൈമാറൽ

**വാഴക്കാട് ഗ്രാമ പഞ്ചായത്ത്**

- പോർട്ടബിൾ ബയോബിൻ വിതരണം
- പാലക്കുഴി പട്ടികജാതി കോളനി ശ്മശാനത്തിന് സ്ഥലം വാങ്ങൽ അടുവട്ടപ്പുറായി
- പട്ടികജാതി കോളനി ശ്മശാനത്തിന് ഷെഡ് നിർമ്മാണം
- വെട്ടത്തൂർ ജി.എൽ.പി സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം
- എടവണ്ണപ്പാറ ബസ് സ്റ്റാൻറ് പൊതുശുചിമുറി നിർമ്മാണം
- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻറർ നിർമ്മാണം
- വ്യക്തിഗത കക്കൂസ് നിർമ്മാണം- 21 എണ്ണം
- പ്ലാസ്റ്റിക് മാലിന്യ വിമുക്ത വാഴക്കാട്

**വാഴയൂർ ഗ്രാമ പഞ്ചായത്ത്**

- ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം 75 കി.ഗ്രാം, 100 കി.ഗ്രാം വീതം കപ്പാസിറ്റിയുള്ളത് ഗവൺമെൻറ് സ്കൂളിൽ സ്ഥാപിക്കൽ
- കുടുംബങ്ങൾക്ക് പോർട്ടബിൾ ബയോഗ്യാസ് പ്ലാൻറ് വിതരണം
- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻറർ നിർമ്മാണം
- അംഗനവാടികളിൽ ശിശു സൗഹൃദ ടോയ് ലറ്റ്

**പുളിക്കൽ ഗ്രാമ പഞ്ചായത്ത്**

- ആയുർവ്വേദ ആശുപത്രിയിൽ ടോയ് ലറ്റ് നിർമ്മാണം
- പോർട്ടബിൾ ബയോഗ്യാസ് (കുടുംബങ്ങൾക്ക്)
- ഹരിത കർമ്മസേന മുഖേന അജൈവ മാലിന്യ സംസ്കരണ പദ്ധതി എം.സി.എഫ് നിർമ്മാണം
- വ്യക്തിഗത കക്കൂസ് നിർമ്മാണം

**കൊണ്ടോട്ടി നഗരസഭ**

- കോട്ടപ്പുറമ്പ് അംഗനവാടി ശിശു സൗഹൃദ ശുചിമുറി നിർമ്മാണം
- കൊണ്ടോട്ടി നഗരസഭ മാലിന്യ നിർമ്മാർജ്ജനം ജീവനം അതിജീവനം പദ്ധതി
- ഗാർഹികതല റിംഗ് കമ്പോസ്റ്റ്
- മാലിന്യ നിർമ്മാർജ്ജനം - പ്ലാസ്റ്റിക് കവറുകൾ ശേഖരിക്കുന്നതിന് ഉപാധികൾ വിതരണം
- കൊണ്ടോട്ടി മാർക്കറ്റിൽ വേസ്റ്റ് വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കൽ
- ബഡ്സ് സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം
- കൊണ്ടോട്ടി നഗരസഭയിലെ കംഫേർട്ട് സ്റ്റേഷൻ നവീകരണം

Anitha
സെക്ഷൻ ഓഫീസർ